**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2104** 01.02.2018 - ൽ മറുപടിയ്ക്ക്

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) ചില സാങ്കേതിക കാരണങ്ങൾ മൂലം അവയവദാനത്തിൽ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്യുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ; | (എ)<br>&<br>(ബി) | 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിൽ വന്ന പൊതുതാൽപര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ദൃശ്യ നവ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതു സമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെകുറിച്ച് ആശങ്ക ഉണ്ടാക്കി. തുടർന്ന് മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 01.02.2017 ലെ സ.ഉ.(എം.എസ്) നം. 16/17/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മേൽ സംഭവങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017 ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിന് കാരണമായിട്ടുണ്ട്. |
| (സി) അവയവ ദാനം പ്രോത്സാഹിപ്പിക്കുവാൻ നടപ്പാക്കിയ മൃതസഞ്ജീവനി പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അവയവദാനം പ്രോത്സാഹിപ്പിക്കുവാൻ നടപ്പാക്കിയ മൃതസഞ്ജീവനി പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ